**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5965** **09-07-2024 - ൽ മറുപടിയ്ക്ക്**

**ട്രഷറി നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 സാമ്പത്തിക വർഷം എത്ര തവണ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ? | (എ) | കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി പണഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. വെയ്സ് ആന്റ് മീൻസ് പരിധിക്ക് മുകളിലുള്ള വിതരണക്കാർ/കോൺട്രാക്ടർ പേയ്മെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റ് ബില്ലുകളെ നിലവിൽ വെയ്സ് ആന്റ് മീൻസ് പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ